ഉൽപ്പാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 2013-14 ബഡ്ജറ്റിൽ 436 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 2014-15 ബഡ്ജറ്റിൽ 211.15 ലക്ഷം രൂപ നൽകുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ കൊല്ലം മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മില്ലിന്റെ നവീകരണത്തിനായുള്ള എൻ.സി.ഡി.സി സഹായത്തോടെയുള്ള 57.39 കോടി രൂപയുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതോടെ മിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്.

**ബാലുശ്ശേരി കന്നത്തറ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ**

**319 (659)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ കന്നത്തറ ടെക്സ്റ്റയിൽസ് അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിനും പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനും ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ തുടർന്ന് കൈക്കൊണ്ട നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) ഇക്കാര്യത്തിൽ ബഹു.ഹൈക്കോടതിയുടെ അടിയന്തര പരിഗണന ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

<u>ഉത്തരം</u>

(എ&ബി) കന്നത്തറ ടെക്സ്റ്റയിൽസ് അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിനുവേണ്ടി 2014 മാർച്ച് മാസത്തിൽ ബഹു.ഹൈക്കോടതി മുൻപാകെ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു. സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി നിയമിച്ച ഒഫിഷ്യൽ ലിക്വിഡേറ്റർ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റിന് മറുപടി സത്യവാങ്മൂലം സർക്കാർ ഫയൽ ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly